**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*219.** **05.10.2016 ന് മറുപടിയ്ക്ക്**

**മയക്കമരുന്നിന്റെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**,, പി.ഉബൈദുള്ള** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | യുവജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കമരുന്നിന്റെ ഉപയോഗം ഉണ്ടാക്കുന്ന ഗുരുതര സാമൂഹ്യപ്രശ്നം ശാസ്ത്രീയമായി അപഗ്രഥിച്ച് ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | യുവജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്നിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന ഗുരുതര സാമൂഹ്യ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. മയക്കമരുന്നിന്റെ ഉപയോഗംമൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്നതിന് 9061178000 എന്ന വാട്ട്സ്-അപ്പ് നമ്പറിൽ സംവിധാനം ആരംഭിയ്ക്കുകയും 155358 എന്ന ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ-ലഹരി ഉപഭോഗവും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനു |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി -യുവജന മഹിളാസംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെ വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പി യ്ക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.<br>നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികൾക്ക് ലഭിക്കുന്ന ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**